3494
1/8/21

**കേരള സർക്കാർ**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – തൃശ്ശൂർ ജില്ല – ഉജ്ജീവന വായ്പ പദ്ധതി - ജില്ലയിലെ കർഷകർ/സംരംഭകർ എടുത്ത വായ്പയിന്മേലുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**സ. ഉ. (സാധാ) നം.1188/2021/റവ. തിരുവനന്തപുരം, തീയതി: 26.02.2021**

---

പരാമർശം: 1. സ.ഉ. (കൈ) നം. 27/2018/ഡി.എം.ഡി. തീയതി : 17.12.2018.
2. സ.ഉ. (കൈ) നം. 4/2019/ഡി.എം.ഡി. തീയതി : 22.02.2019
3 സ.ഉ. (കൈ) നം. 4/2020/ഡി.എം.ഡി. തീയതി : 12.02.2020
4. 23.05.2019 തീയതിയിലെ ബാങ്ക് ഓഫ് ഇന്ത്യ ചേവൂർ ശാഖ മാനേജരുടെ കത്ത്.

**ഉത്തരവ്**

2018 ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/ അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി, മാർജിൻമണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതിയിൽ' വിഭാവനം ചെയ്തിട്ടുണ്ട്.

2. അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ തൃശ്ശൂർ ജില്ലയിലെ ശ്രീ. രാജീവ്.ടി.ആർ, തട്ടാരത്ത് ഹൗസ്, എട്ടുമന, കരുവന്നൂർ പി.ഒ., തൃശ്ശൂർ ന് ബാങ്ക് ഓഫ് ഇന്ത്യ ചേവൂർ ശാഖ അനുവദിച്ച 'ടേംലോൺ'/പ്രവർത്തന മൂലധനത്തിന്റെ മാർജിൻമണി/താങ്ങ്പലിശ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കണമെന്ന് ബാങ്ക് ഓഫ് ഇന്ത്യ ചേവൂർ ശാഖ മാനേജർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരം തൃശ്ശൂർ ജില്ലയിലെ ശ്രീ. രാജീവ്.ടി.ആർ, തട്ടാരത്ത് ഹൗസ്, എട്ടുമന, കരുവന്നൂർ പി.ഒ., തൃശ്ശൂർ ന് ബാങ്ക് ഓഫ് ഇന്ത്യ ചേവൂർ ശാഖ അനുവദിച്ച വായ്പയിന്മേലുള്ള (വായ്പയുടെ വിശദവിവരങ്ങൾ പട്ടികയായി താഴെ കൊടുക്കുന്നു). മാർജിൻമണി **1,68,750 രൂപ (ആകെ ഒരു ലക്ഷത്തി അറുപത്തെട്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ബന്ധപ്പെട്ട ബാങ്കിന് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | കർഷകന്റെ/സംരംഭക ന്റെ സ്ഥാപനത്തിന്റെ പേര്/വിഭാഗം | ബന്ധപ്പെട്ടവകുപ്പിന്റെ ശുപാർശ സംബന്ധിച്ച വിവരങ്ങൾ | 'ടേംലോൺ'/പ്ര വർത്തന മൂലധനം അനുവദിച്ച ബാങ്ക്/ബ്രാഞ്ച് | ടേംലോൺ'/ പ്രവർത്തന മൂലധനം ആയി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി യിൽ നിന്നും അനുവദിക്കുന്ന മാർജിൻ മണി/ താങ്ങു പലിശ (രൂപയിൽ) | മാർജിൻ മണി/ താങ്ങു പലിശ ക്രഡിറ്റ് ചെയ്യേണ്ട ബാങ്ക്/ബ്രാഞ്ച്/ IFSC code/അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | Rajeev.T.R Thattarath House, Ettumana, Karuvanoor.P.O | Senior Veterinary Surgeo, Veterinary Surgeon, Veterinary Hospital, Cherpu ന്റെ 25.03.2021 തീയതിയിലെ ശുപാർശ. | State Bank of India, Chevoor* branch | 6,75,000/- | 1,68,750/- | |
| | ആകെ | | | | 1,68,750/- | |

**(ആകെ ഒരു ലക്ഷത്തി അറുപത്തെട്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം)**

4. മേൽ പറഞ്ഞ പ്രകാരം മാർജിൻമണി ഇനത്തിൽ വിതരണത്തിനാവശ്യമായി വരുന്ന **1,68,750 രൂപ (ആകെ ഒരു ലക്ഷത്തി അറുപത്തെട്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ട് മുഖാന്തിരം തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകുന്നതാണ്.

5. ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻമണി ഇനത്തിൽ ഖണ്ഡിക 3- ലെ പട്ടികയിലെ 6-ാം കോളത്തിൽ പറയുന്ന തുക, 7-ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ തൃശ്ശൂർ ജില്ലാ കളക്ടർ പരിശോധിച്ച് ശരിയെന്ന് ഉറപ്പുവരുത്തേണ്ടതും ശേഷം തുക ക്രെഡിറ്റ് ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ ജില്ലാ കളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതുമാണ്. ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പ പദ്ധതി പ്രകാരം മാർജിൻ മണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതാണ്. ടി ഇനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, തൃശ്ശൂർ
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
കൺവീനർ, സംസ്ഥാന തല ബാങ്കേഴ്സ് സമിതി, കാനറാ ബാങ്ക് ബിൽഡിംഗ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ശാഖ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചേവൂർ ശാഖ, തൃശ്ശൂർ
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ